# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 26 | 2019 |



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

# ശബരിമല തീർത്ഥാടനം: ഭക്തരുടെ ആരോഗ്യ സംരക്ഷണത്തിൽ ബദ്ധശ്രദ്ധരായി ആരോഗ്യവകുപ്പ്

ശബരിമല തീർത്ഥാടകർക്കു ാകാവുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ വിപുലമായ സൗകര്യങ്ങളൊരുക്കി സംസ്ഥാന ആരോഗ്യവകുപ്പ് 24 മണിക്കൂറും പ്രവർത്തന സജ്ജമായി

പമ്പ മുതൽ സന്നിധാനംവരെ അഞ്ച് കാർഡിയോളജി സെന്ററുകൾ, അടിയന്തിര ശുശ്രൂഷയ്ക്കായി ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ എമർജൻസി മെഡിക്കൽ സെന്ററുകൾ, ആൾ ടെറൈൻ ആംബുലൻസ്, സ്ട്രക്ചർ തുടങ്ങിയവയെല്ലാം ഇതിലുൾപ്പെടും. ഏകോപനത്തിനും ആശയവിനിയമത്തിനും കേന്ദ്രീകൃത ഹോട്ട്ലൈൻ കൺട്രോൾ റൂം സംവിധാനവുമു ്. മെഡിക്കൽ ഓഫീസർ ഡോ. പ്രശോഭ് ഇനോസ്, ഡോ. പി. മനോജ്കുമാർ, ഡോ. ജിനു ജി. തോമസ് എന്നിവരാണ് സന്നിധാനത്തെ ആരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

## കാർഡിയോളജി സെന്റർ ഇതുവരെ 29 പേരുടെ ജീവൻകാത്തു

17ന് നട തുറന്നതിനുശേഷം ഇതുവരെ 34പേരാണ് ഹൃദയസംബന്ധമായ പ്രശ്നങ്ങളുമായി സന്നിധാനം കാർഡിയോളജി സെന്ററിലെത്തിയത്. ഇതിൽ അതീവ ഗുരുതരാവസ്ഥയിലായിരുന്ന അഞ്ചുപേർ മരിച്ചു. 2017–18ൽ 281 പേർക്കാണ് സന്നിധാനത്ത് ഹാർട്ട്അറ്റാക്കു ായത്. ഇതിൽ 36പേർ മരിച്ചു. 2018–19ൽ ചികിൽസതേടിയ 173പേരിൽ 24 മരിച്ചു. വർഷം ശരാശരി ര ുലക്ഷത്തിലേറെ പേർ സന്നിധാനത്ത് ചികിൽസ
തേടുന്നുവെന്നാണ് കണക്ക്.

നിലയ്ക്കൽ, പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം എന്നിവിടങ്ങളിലാണ് ഒരു കാർഡിയോളജിസ്റ്റും ഒരു ഫിസിഷ്യനും ഉൾപ്പെട്ട കാർഡിയോളജി സെന്ററുകൾ ഒരുക്കിയിട്ടുള്ളത്. ചരൽമേടിലും പ്രത്യേക മെഡിക്കൽ സെന്ററുകൾ തുടങ്ങിയിട്ടു ്. ഇതിനുപുറമെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ കാത്ത്ലാബുകൾ ഉൾപ്പടെ ര ് കാർഡിയോളജി വിദഗ്ധരുടെ സേവനം ലഭിക്കും. പത്തനംതിട്ട, എരുമേലി, ചെങ്ങന്നൂർ ആശുപത്രികളിൽ കാർഡിയോളജിസ്റ്റിന് പുറമെ ഫിസിഷ്യൻ, സർജൻ, എല്ല് രോഗവിദഗ്ധൻ, ശിശുരോഗവിദഗ്ധൻ, അസിസ്റ്റന്റ് സർജൻ എന്നിവരുടെ സേവനവും ഉറപ്പുവരുത്തിയിട്ടു ്.

മലകയറ്റത്തിനിടയിലും സന്നിധാനത്തും ഹൃദസ്തംഭനമു ാകുന്നവർക്ക് പ്രാഥമിക ശുശ്രൂഷ നൽകി അവരുടെ ജീവൻ നിലനിർത്തി വിദഗ്ധ ചികിൽസയ്ക്കായി പത്തനംതിട്ട ജില്ലാജനറൽ ആശുപത്രിയിലെത്തിക്കാനുള്ള സർവ്വസജ്ജീകരണങ്ങളും ഈ സെന്ററുകളിൽ ഒരുക്കിയിട്ടു ്. രോഗികളെ കൊ ുപോകുന്നതിന് ര ് ആൾടൈറൈൽ ആംബുലൻസുകളാണ് 24 മണിക്കൂറും സജ്ജമായി സന്നിധാനത്തുള്ളത്. പമ്പയിൽ
ര ് എ.എൽ.എസ് സ്പോർട്ട് ആംബലുൻസും ര ് പോർട്ടബിൾ വെന്റിലേറ്റർ സൗകര്യവും ലഭ്യമാണ്. അടിയന്തിരഘട്ടങ്ങളിൽ നിലയ്ക്കലും ഒരു എ.എൽ.എസ് ആംബലുൻസ് ഒരുക്കിയിട്ടു ്. ഒരേസമയം അതീവ ഗുരുതരാവസ്ഥയിലുള്ള നാല് രോഗികളെ പത്തനംതിട്ട ആശുപത്രിയിലെത്തിക്കാൻ കഴിയുമെന്നതാണ്
ഇതിന്റെ ഗുണം.

## സുസജ്ജമായി എമർജൻസി മെഡിക്കൽസെന്ററുകൾ

ജില്ലാഭരണകൂടവും ആരോഗ്യവകുപ്പും സംയുക്തമായാണ് പമ്പമുതൽ സന്നിധാനംവരെ എമർജൻസി മെഡിക്കൽ സെന്ററുകൾ തുടങ്ങിയത്. 15 സെന്ററുകളാണിവിടെ ഉള്ളത്. പമ്പമുതൽ നീലിമലവരെ 3എണ്ണം, നീലിലയ്ക്കും അപ്പാച്ചിമേടിനുമിടയിൽ ര ്, അപ്പാച്ചിമേടിനും മരക്കൂട്ടത്തിനുമിടയിൽ മൂന്ന്, ക്യൂ കോപ്ലക്സിൽ ഒന്ന്, ശരംകുത്തിയിൽ ഒന്ന്, വാവര്നടയിൽ ഒന്ന്, പാ ിത്താവളം ഒന്ന്, സ്വാമി അയ്യപ്പൻ റോഡിൽ എന്നിങ്ങനെയാണ് എമർജൻസി മെഡിക്കൽസെന്ററുകൾ സജ്ജീകരിച്ചിട്ടുള്ളത്. എല്ലാ ഇ.എം.സിയിലും ര ് വീതം സ്റ്റാഫ് നേഴ്സിനേയും പരിശീലനം നൽകിയ ര ് വീതം അയ്യപ്പ

സേവാസംഘം വള  ിയർമാരേയും നിയോഗിച്ചിട്ടു  ്. മൂന്ന് ഇ.എം.സിക്ക് ഒരു സൂപ്പർവൈസർ എന്ന നിലയിൽ ഒരു സ്റ്റാഫ് നേഴ്സിനെ വീതം നിയോഗിച്ചിട്ടു  ്. ഇ.എം.സികളെയും കാർഡിയോളജി സെന്ററുകളേയും ഹോട്ട് ലൈൻ വഴി പമ്പയിലെ കൺട്രോൾറുമായി ബന്ധിപ്പിച്ചിരിക്കുന്നു. 24 മണിക്കൂറും പ്രവർത്തനസജ്ജമായ കൺട്രോൾറൂമിൽ വിവിധഭാഷകളറിയാവുന്ന ഓപ്പറേറ്റർമാരും സേവനത്തിനു  ്. അടിയന്തിരഘട്ടങ്ങളിൽ ഇ.എം.സികളേയും ആംബുലൻസ്, കാർഡിയാക് സെന്ററുകൾ, സ്ട്രക്ചർ സർവ്വീസുകൾ തുടങ്ങിയവയേയും ഏകോപിപ്പിക്കുന്നത് കൺട്രോൾറൂം വഴിയാണ്. 04735 203232 എന്നതാണ് കൺട്രോൾറൂം നമ്പർ.

## മരുന്നുകൾ നിർത്തുന്നതും മദ്യപാനവും മരണം വിളിച്ചുവരുത്തുന്നു

ഇതുവരെ എമർജൻസി സെന്ററുകളിൽ 3895 കേസുകളാണ് എത്തിയത്. ഇതിൽ 54കേസുകൾ ഗുരുതരമായിരുന്നുവെങ്കിലും പ്രാഥമിക ശ്രുശൂഷനൽകി തൊട്ടടുത്ത കാർഡിയാക് സെന്ററിലോ, ആശുപത്രികളിലൊ എത്തിച്ച് രോഗികളെ രക്ഷിക്കാൻ കഴിഞ്ഞു. തീർത്ഥാടനവ്രതം നോൽക്കുമ്പോൾ ഇതരസംസ്ഥാനക്കാരായ ഭക്തർ സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ വ്രതത്തിന്റെ ഭാഗമായി ഉപേക്ഷിക്കുന്നതാണ് ഹൃദ്രോഗബാധയും മരണവും വർധിക്കാൻ കാരണമെന്ന് ഡോക്ടർ പറഞ്ഞു. സന്നിധാനത്ത് ഹൃദ്രോഗംബാധമൂലം കൂടുതലും മരിക്കുന്നത് ഇതരസംസ്ഥാനക്കാരായ ഭക്തരാണെന്ന് ആശുപത്രി രേഖകൾ ഉദ്ധരിച്ച് ഡോക്ടർമാർ പറഞ്ഞു. വിശ്വാസത്തിന്റെ പേരിൽ മരുന്നുകൾ കഴിക്കാതിരിക്കുന്നത് ആശാസ്യമല്ലെന്നും അവർ വ്യക്തമാക്കി.

ഹൃദ്രോഗത്തിന് പുറമെ പെട്ടന്ന് മദ്യപാനം നിർത്തുമ്പോഴു  ാകുന്ന സന്നി അഥവാ അപസ്മാരവുമായി എത്തുന്നവരുടെ എണ്ണവും താരതമ്യേന ഏറെയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 2017–18ൽ 2545 പേരെയാണ് ഇത്തരത്തിൽ ചികിൽസ തേടിയതെങ്കിൽ 2018–19 ൽ അത് 2963 ആയി. എല്ലാവിധത്തിലുമുള്ള മരുന്നുകളും ആശുപത്രി ഉപകരണങ്ങളും സജ്ജമാണെന്നും മനുഷ്യവിഭവശേഷിയും ആവശ്യത്തിനു  ന്നും ഡോക്ടർമാർ പറഞ്ഞു.

(പി.ആർ. ശബരി–69)

## ശബരിമലയിൽ വൻമരം വീണ് 13 അയ്യപ്പൻമാർക്ക് പരിക്കേറ്റു

ശബരിമലയിൽ മരക്കൂട്ടത്ത് ദർശനം കഴിഞ്ഞ് മടങ്ങിപോകുന്ന ഭക്തരുടെ മുകളിലേക്ക് വൻമരം വീണ് 13 അയ്യപൻമാർക്ക് പരിക്കേറ്റു. ഗുരുതരമായ പരിക്കേറ്റ ഏഴു പേരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചിറ്റാർ പുലിക്കൂട്ടുങ്കൽ അഭിരാമി (മൂന്നര), പിതാവ് അനിൽ കുമാർ (35), അമമ്മൂമ്മ ശാന്തമ്മ (65), മലപ്പുറം തിരൂർ സ്വദേശി പ്രേമൻ(36),

തെലുങ്കാന നൽഗണ്ഡ കോട്ട ശ്രീനിവാസ് (50), ആന്ധ്ര ഗുണ്ടൂർ സ്വദേശികളായ കെ.എം.സതീഷ് (34), രാമേശ്വർ റാവു (43), രവി (30), ഗുരുപ്രസാദ് (35), തമിഴനാട് മേട്ടൂർ സ്ട്രീറ്റ് രഘുപതി (40), തമിഴനാട് തിരുവഴള്ളുവർ സ്വദേശികളായ കുമാർ (49), രുദ്രമൂർത്തി (5) വടിവേൽ (49) എന്നിവർക്കാണ് പരിക്കേറ്റത്. അനിൽ , ശാന്തമ്മ, അഭിരാമി, ശ്രീനിവാസ് , കെ.എം.സതീഷ്, രാമേശ്വർ റാവു, രവി എന്നിവരെയാണ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്. മരങ്ങൾ മുറിച്ചുമാറ്റി പരിക്കേറ്റവരെ പോലീസ്, ആർ എ എഫ് സേനാംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ എന്നിവർ ചേർന്ന പ്രാഥമിക ചികിത്സകൾ സന്നിധാനത്തും, പമ്പാ ആശുപത്രിയിലുവെച്ച ് നല്കിയ ശേഷമാണ് ഗുരുതരമായി പരുക്കേറ്റവരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയത്.

(പി.ആർ. ശബരി–70)

## അയ്യപ്പന് നൃത്തച്ചുവടുകളാൽ കാണിക്ക

അയ്യപ്പന് നൃത്തച്ചുവടുകളാൽ കാണിക്ക നേർന്ന് ഒരുകൂട്ടം യുവനർത്തകർ. തിരുവനന്തപുരം നടരാജാ ഡാൻസ് അക്കാദമിയുടെ ആഭിമുഖ്യത്തിലാണ് സന്നിദാനം വലിയനടപ്പന്തലിലെ മണ്ഡപത്തിൽ ഭരതനാട്യകച്ചേരി അരങ്ങേറിയത്. നൃത്താചാര്യൻ പട്ടം ജി. സനൽകുമാറിന്റെ നേതൃത്വത്തിലായിരുന്നു ഭരനാട്യകച്ചേരി.

ഗണപതി സ്തുതിയോടെ ആരംഭിച്ച നൃത്തംകാണാൻ തീർത്ഥാടകർ നിറഞ്ഞു. തുടർന്ന് ഖരഹരപ്രിയ രാഗത്തിൽ ചിട്ടപ്പെടുത്തിയ അപ്പതവതരിപ്പിച്ച കഥാമൃതം അവതരിപ്പിച്ചു. അയ്യപ്പന്റെ ജനനം മുതൽ ശബരിമലയിൽ എത്തുന്നത് വരെയുള്ള സന്ദർഭങ്ങളാണ് നൃത്തരൂപത്തിൽ അവതരിപ്പിച്ചത്. ശേഷം ശരണമയ്യപ്പാ എന്ന കീർത്തനവും അരങ്ങേറി. തുടർന്ന് മംഗളത്തോടെ ഭരതനാട്യകച്ചേരിക്ക് സമാപനമായി.

കേരളാസർവകലാശാല കലോൽസവത്തിലും അന്തർസർവകലാശാല യുവജനോൽസവത്തിലും പ്രതിഭകളായ ഒരുകൂട്ടം നർത്തകരായിരുന്നു വേദിയിൽ. നന്ദകിശോർ, നന്ദകേശവ്, രാംദാസ്, അരുൾശങ്കർ, വിഷ്ണുറാം, ഉണ്ണികൃഷ്ണൻ, അനീഷ്, അച്ചു എന്നിവരായിരുന്നു നർത്തകർ. നട്ടുവാങ്കത്തിൽ പാട്ടം ജി. സനൽകുമാറും വോക്കലിൽ ഉടുപ്പിശ്രീനാഥും മൃദംഗത്തിൽ വൈപ്പിൻ സതീഷും ഓടക്കുഴലിൽ ട്രിവാൻഡ്രം ശ്രീകുമാറും പക്കമേളമൊരുക്കി. ബുധനാഴ്ച രാത്രി 7ന് പ്രമുഖ താളവാദ്യവിദഗ്ധൻ ശിവമണി മണ്ഡപത്തിൽ വാദ്യാവതരണം നടത്തും

(പി.ആർ. ശബരി–71)

## സ്വന്തം പിൻകോഡ്, സ്വന്തം തപാൽമുദ്ര: അയ്യപ്പസ്വാമിക്ക് മാത്രമായി സ്വന്തം തപാൽഓഫീസ്

നമ്മുടെ രാജ്യത്ത് സ്വന്തമായി തപാൽ പിൻകോഡുള്ള ര ുപേരിൽ ഒരാളാണ് സാക്ഷാൽ ശ്രീ അയ്യപ്പൻ. ഇന്ത്യൻ പ്രസിഡന്റാണ് മറ്റൊരാൾ. 689713 എന്നതാണ് പിൻകോഡ്. സന്നിധാനം തപാൽ ഓഫീസിന്റെ പിൻകോഡാണിത്. വർഷത്തിൽ മൂന്നുമാസം മാത്രമാണ് അയ്യപ്പസ്വാമിയുടെ പിൻകോഡും തപാൽ ഓഫീസും സജീവമായിരിക്കുക. ഉൽസവകാലം കഴിയുന്നതോടെ പിൻകോഡും നിർജീവമാകും.

മണ്ഡല–മകരവിളക്കുൽസവകാലത്ത് മാത്രം പ്രവർത്തിക്കുന്ന സന്നിധാനം തപാൽഓഫീസ്, പിന്നെയുമു ് പ്രത്യേകതകൾ. പതിനെട്ടാംപടിയും അയ്യപ്പവിഗ്രഹവും ഉൾപ്പെടുന്നതാണിവിടുത്തെ തപാൽമുദ്ര. രാജ്യത്ത് മറ്റൊരിടത്തും തപാൽവകുപ്പ് ഇത്തരം വേറിട്ട തപാൽമുദ്രകൾ ഉപയോഗിക്കുന്നില്ല. ഈ മുദ്ര ചാർത്തിയ കത്തുകൾ വീടുകളിലേക്കും പ്രിയപ്പെട്ടവർക്കും അയയ്ക്കാൻ നിരവധി തീർത്ഥാടകരാണ് നിത്യവും സന്നിധാനം തപാൽ ഓഫീസിലെത്തുന്നത്. ഉൽസവകാലം കഴിഞ്ഞാൽ ഈ തപാൽമുദ്ര പത്തനംതിട്ട പോസ്റ്റൽ സൂപ്ര ് ഓഫീസിന്റെ ലോക്കറിലേക്ക് മാറ്റും. പിന്നെ അടുത്ത ഉൽസവകാലത്താണ് ഈ മുദ്ര വെളിച്ചം കാണുക.

ഈ തപാൽഓഫീസ് കൈകാര്യം ചെയ്യുന്ന എഴുത്തുകളിലും മണി ഓർഡറികളിലുമു ് ഒരുപാട് കൗതുകങ്ങൾ. നിത്യബ്രഹ്മചാരിയായ അയ്യപ്പസ്വാമിക്ക് നിത്യവും നിരവധി കത്തുകളാണിവിടെ ലഭിക്കുന്നത്. ഉദ്ദിഷ്ടകാര്യ ലാഭത്തിനും ആകുലതകൾ പങ്കുവെച്ചും പ്രണയം പറഞ്ഞുമുള്ള കത്തുകൾ. ഉദ്ദിഷ്ടകാര്യങ്ങൾ നടത്തിത്തരണമെന്നാവശ്യപ്പെട്ടുള്ള മണിഓർഡറുകൾ, വീട്ടിലെ വിശേഷങ്ങളുടെ ആദ്യക്ഷണക്കത്തുകൾ തുടങ്ങി ഒരുവർഷം വായിച്ചാൽ തീരാത്തത്ര എഴുത്തുകളാണ് അയ്യപ്പന്റെ പേരുവെച്ച് ഭക്തർ അയയ്ക്കുന്നത്. ഈ കത്തുകൾ അയ്യപ്പന് മുന്നിൽ സമർപ്പിച്ചശേഷം എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറുകയാണ് പതിവ്. മണിഓർഡറുകളുടെ കാര്യവും അങ്ങനെ തന്നെ. ഇതരസംസ്ഥാനങ്ങളിൽ നിന്നാണ് ഇത്തരം കത്തുകളേറെ വരുന്നതെന്ന് സന്നിധാനം പോസ്റ്റ് മാസ്റ്റർ എം. അയ്യപ്പൻ പറഞ്ഞു.

ഉൽസവകാലം കഴിഞ്ഞാൽ അയ്യപ്പനുള്ള കത്തുകളും മണിഓർഡറുകളും വടശ്ശേരിക്കര പോസ്റ്റോഫീസിലാണ് എത്തുക. അവിടെനിന്ന് പമ്പയിലെ ബ്രാഞ്ച് ഓഫീസിൽ എത്തിച്ചതിനുശേഷം സന്നിധാനത്തേക്ക് കാൽനടയായി കൊ ുവരും.

1984ലാണ് സന്നിധാനത്ത് തപാൽഓഫീസ് ആരംഭിക്കുന്നത്. അതിനുമുൻപ് കുമളി, തേക്കടി വഴി കാനനപാതയിലുടെ കാൽനടയായാണ് അയ്യപ്പനുള്ള അഞ്ചലുകൾ വന്നിരുന്നത്. മാറിയ കാലത്തിനനുസരിച്ച് വിവിധ സൗകര്യങ്ങളും സന്നിധാനം തപാൽഓഫീസിൽ ലഭ്യമാണ്. സ്വാമിവേഷത്തിൽ സന്നി

ധാനം പശ്ചാത്തലമാക്കിയുള്ള സ്വന്തം ഫോട്ടോ പതിപ്പിച്ച തപാൽസ്റ്റാമ്പ് തയ്യാറാക്കുന്നതാണ് അതിലൊന്ന്. തപാൽവകുപ്പിന്റെ മൈസ്റ്റാമ്പ് പദ്ധതിയിൽപ്പെടുത്തിയാണിത്. 300രൂപ നൽകിയാൽ 16സ്റ്റാമ്പുകളുള്ള ഒരുഷീറ്റ് ലഭിക്കും. കത്തുകളയക്കാനും സ്റ്റാമ്പ് ശേഖരത്തിനും പ്രിയപ്പെട്ടവർക്ക് നൽകാനും ഇതുപയോഗിക്കാം. നിരവധിപേരാണ് സ്വന്തം മുഖം സ്റ്റാമ്പിലാക്കാൻ എത്തുന്നത്. അതിനുപുറമെ വിവിധ കമ്പനികളുടെ മൊബൈൽ ചാർജിങ്, മണി ഓർഡർ സംവിധാനം, ഇന്ത്യാ പോസ്റ്റ് പെയ്മെന്റ് സംവിധാനം തുടങ്ങിയവയും സന്നിധാനം തപാൽഓഫീസിൽ ലഭ്യമാണ്. പോസ്റ്റ്മാസ്റ്റർക്ക് പുറമെ ര ് പോസ്റ്റ്മേൻമാരും ര ് പോസ്റ്റൽ അസിസ്റ്റന്റുമാരുമാണ് സന്നിധാനം തപാൽ ഓഫീസിലുള്ളത്.

(പി.ആർ. ശബരി–72)

## മലകയറ്റം ശ്രദ്ധിക്കേ ഏഴ് കാര്യങ്ങൾ

1. ഹൃദയസംബന്ധമായ തകരാർ ഉള്ളവർ മലകയറ്റം ഒഴിവാക്കുകയോ, മറ്റ് മാർഗങ്ങൾ തേടുകയോ, അതീവ ശ്രദ്ധയോടെ മലകയറുകയോ വേണം.
2. ചുരുങ്ങിയത് മൂന്നുവർഷത്തോളമായി ഷുഗറിനും പ്രഷറിനും മരുന്ന് കഴിക്കുന്നവർ മലകയറുന്നതിന് മുൻപ് ഡോക്ടറെ ക ് പരിശോധന നടത്തി ഹൃദയസംബന്ധമായ തകരാറില്ലെന്ന് ഉറപ്പാക്കണം.
3. വ്രതാനുഷ്ഠാനത്തിന്റെ ഭാഗമായി നിലവിൽ കഴിക്കുന്ന മരുന്നുകൾ നിർത്തരുത്.
4. ഉച്ചത്തിൽ ശരണം വിളിക്കുമ്പോൾ ശ്വാസകോശത്തിന്റെ ശേഷി വർധിക്കും. വ്രതാനുഷ്ഠാന വേളയിലും മലകയറുമ്പോഴും ശരണംവിളി ശീലമാക്കുക.
5. മലകയറ്റത്തിനായി വരുമ്പോൾ നിലവിലുള്ള അസുഖങ്ങളെ സംബന്ധിച്ച് മെഡിക്കൽ രേഖകളും കൂടെ കരുതുക.
6. ശബരിമലയിൽ തിരക്കുകുറഞ്ഞ സമയത്താണ് മലകയറ്റത്തെ തുടർന്നുള്ള ഹൃദയാഘാത മരണം കൂടുതൽ സംഭവിക്കുന്നത്. ഈ സമയം വേഗത്തിൽ മലകയറുന്നതാണ് കാരണം. വളരെ സാവധാനം ആവശ്യത്തിന് സമയമെടുത്ത് മലകയറുക.
7. നടക്കുമ്പോൾ നെഞ്ചുവേദന, തലകറക്കം, ശ്വാസംമുട്ടൽ തുടങ്ങിയവ ഉ ായാൽ വിശ്രമിക്കുക. വഴികളിലെ ഇ.എം.സികളിൽ ചികിൽസ തേടുക.

(പി.ആർ. ശബരി–73)

## മുതിർന്ന പൗരന്മാരുടെ ക്ഷേമം: നിയമസഭ സമിതി യോഗം ഇന്ന്(നവംബർ 27)

ശബരിമല ദർശനത്തിന് എത്തുന്ന മുതിർന്ന പൗരന്മാർക്ക് ലഭ്യമാക്കേ

സൗകര്യങ്ങളെപ്പറ്റി ജില്ലയിലെ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്നതിനായി നാളെ(27 ) രാവിലെ 10.30 ന് നിയമസഭയുടെ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി പമ്പയിലെ ദേവസ്വം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ യോഗം ചേരും.

(പി.ആർ. ശബരി–74)

## അരവണയിൽ പല്ലിയെന്ന വാർത്ത വ്യാജവും വസ്തുതാവിരുദ്ധവും: തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമലയിൽ നിന്നും വിൽപ്പന നടത്തിയ അരവണയിൽ പല്ലിയെന്ന വാർത്ത വ്യാജവും വസ്തുതാ വിരുദ്ധവുമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്.സുഗമവും സമാധാനപരവും ഭക്ത സൗഹൃദവുമായ തീർത്ഥാടനത്തെ അട്ടിമറിക്കാനുള്ള ഗൂഢശ്രമമാണ് ഈ വ്യാജ വാർത്തയ്ക്ക് പിന്നിലെന്നും ദേവസ്വം ബോർഡ് വ്യക്തമാക്കി.2019 –20 വർഷത്തെ മണ്ഡല–മകരവിളക്ക് തീർത്ഥാടനം ആരംഭിച്ച് 10 ദിവസം പിന്നിടുന്നു. സുഗമമായും സമാധാനപരവുമായാണ് തീർത്ഥാടന കാര്യങ്ങൾ പുരോഗമിക്കുന്നത്. ശബരിമലയിലെ അപ്പം, അരവണ അടക്കമുള്ള വഴിപാടുകളെ അപകീർത്തിപ്പെടുത്താൻ ചില കേന്ദ്രങ്ങളിൽ നിന്ന് അസത്യമായ വാർത്ത പടച്ചു വിടുന്നതും അത് സോഷ്യൽ മീഡിയയിലുടെയും മറ്റും പ്രചരിപ്പിക്കുന്നതും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടുവെന്ന് ബോർഡ് പ്രസിഡന്റ് അഡ്വ.എൻ.വാസു പറഞ്ഞു. വൃത്തിയുള്ളതും സുരക്ഷിതവുമായ രീതിയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ആണ് ശബരിമലയിലെ അരവണ പ്ലാന്റിൽ അരവണ തയ്യാറാക്കി ,പായ്ക്ക് ചെയ്ത് വിൽപ്പനയ്ക്കായി കൗ റുകളിൽ എത്തിക്കുന്നത്.അരവണ പ്ലാന്റിൽ അരവണ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി പ്ലാന്റിൽ ശുചീകരണ പ്രവർത്തനങ്ങളും പ്ലാന്റ് അണുവിമുക്തവും ആക്കുന്നതുമായ പ്രക്രിയകൾ നടത്തി സജ്ജീകരിക്കുകയാണ് പതിവ്. ഇക്കുറിയും നിർമ്മാണത്തിന് മുൻപ് അവ നടത്തിയിരുന്നു. അത്യുന്നത താപനിലയിലാണ് അരവണ നിർമ്മാണം നടക്കുന്നത്. അതു കൊ ് തന്നെ അരവണ നിർമ്മാണം നടക്കുന്ന സമയത്ത് ഒരു ഘട്ടത്തിലും പല്ലി, പാറ്റ, പോലുള്ള ജീവികൾക്ക് ഒരു വിധത്തിലും അരവണ പ്ലാന്റിൽ കടക്കുവാൻ കഴിയുകയില്ല. മാത്രമല്ല അരവണ നിർമ്മാണത്തിന്റെ എല്ലാ ഘട്ടത്തിലും സംസ്ഥാനഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ കർശനമായ പരിശോധനകളും അരവണ പ്ലാന്റിൽ നടന്ന ശേഷമാണ് അരവണ ടിന്നുകൾ വിൽപ്പനയ്ക്കായി കൗ റുകളിൽ കൊ ുവരുന്നത്.

വസ്തുതകൾ ഇങ്ങനെയായിരിക്കെയാണ് അരവണയിൽ പല്ലിയെ ക ുവെന്ന വ്യാജവാർത്ത സൃഷ്ടിച്ച് പ്രചരിപ്പിക്കുന്നത്. ഇക്കാര്യം വാർത്തയിൽ കാണിക്കുന്ന ദൃശ്യങ്ങളിൽ നിന്ന് തന്നെ പകൽ പോലെ വ്യക്തമാണ്.ഈ വാർത്ത പൂർണ്ണമായും വാസ്തവവിരുദ്ധമാണെന്നും

ഇത്തരത്തിൽ വാർത്ത സൃഷ്ടിച്ചവർക്കെതിരെ സമഗ്രമായ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ബോർഡ് പരാതി നൽകിയതായും ദേവസ്വം ബോർഡ് പ്രസിഡന്റ് വാർത്താകുറിപ്പിൽ അറിയിച്ചു.വ്യാജ വാർത്ത സൃഷ്ടിച്ച് ശബരിമലയെയും അതുവഴി തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും അപകീർത്തിപ്പെടുത്താനുള്ള ഗൂഢ ശ്രമം ഏതോ തത്പര കക്ഷികളുടെ ഭാഗത്ത് നിന്ന് ഉള്ളതായി ദേവസ്വം ബോർഡ് മനസിലാക്കുന്നു.ഇത് ഭക്തജനങ്ങൾ തിരിച്ചറിയണമെന്നും അഡ്വ.എൻ.വാസു ആവശ്യപ്പെട്ടു. വ്യാജവാർത്ത തയ്യാറാക്കിയ വരെ ക െ ത്തി അവർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പൊലീസ് മേധാവിക്ക് നൽകിയ പരാതിയിൽ ആവശ്യപ്പെട്ടിട്ടുെ   ന്നും പ്രസിഡന്റ് പറഞ്ഞു.

(പി.ആർ. ശബരി-75)

## ശബരിമലയിൽ പ്ലാസ്റ്റിക് മാലിന്യശേഖരണം തുടങ്ങി

മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ ശബരിമലയിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാൻ ആരംഭിച്ചു. ശബരിമലയിലേക്കുള്ള പാതകളായ ളാഹ മുതൽ പമ്പ വരേയും കണമല മുതൽ പമ്പ വരേയുമുള്ള പാതയോരങ്ങളിലെ അജൈവ മാലിന്യങ്ങളും കൂടാതെ നിലക്കൽ, ചെറിയാനവട്ടം എന്നിവിടങ്ങളിലെ പ്ലാന്റുകളിൽ നിന്നുള്ള പ്ലാസ്റ്റിക് ഉൾപ്പടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളാണ് ശുചിത്വമിഷന്റെ നേതൃത്വത്തിൽ ശേഖരിക്കുന്നത്. വനംവകുപ്പിന്റെ എക്കോഗാർഡ്സാണ് പാതയോരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് കൂട്ടിവയ്ക്കുന്നത്. ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശുചിത്വമിഷനുവേ  ി തിരുവല്ല ആസ്ഥാനമായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് എന്ന സ്ഥാപനമാണ് പുന:ചംക്രമണത്തിനായി കൊൺ  ുപോകുന്നത്.
ജില്ലാ ഭരണകൂടം നടത്തുന്ന മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി എല്ലാ തീർത്ഥാടന കാലയളവിലും ഇത്തരത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാറു  ്. വിവിധ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഫലമായി ഓരോ തീർത്ഥാടന കാലയളവിലും ശബരിമലയിലു  ാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവിൽ കാര്യമായ കുറവ് സംഭവിച്ചതായി കാണപ്പെടുന്നു  ്. മുൻ വർഷങ്ങളിൽ ദിവസേന 400 മുതൽ 450 കിലോഗ്രാം വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചിരുന്നിടത്ത് കഴിഞ്ഞ തീർത്ഥാടന കാലയളവിൽ ദിവസേന 250 മുതൽ 300 കിലോഗ്രാം വരെയായി കുറഞ്ഞിട്ട  ്.

(പി.ആർ. ശബരി-76)

## ശബരിമലയിൽ തീർത്ഥാടകൻ മരിച്ചു

ശബരിമലയിൽ നീലിമലയ്ക്ക് സമീപം തീർത്ഥാടകൻ മരിച്ചു. തമിഴ്നാട് അ ന്നാനഗർ സ്വദേശിയായ മാതേശ്വരൻ(29) എന്നയാളാണ് മരിച്ചത്. സന്നിധാന ത്തെ ആശുപത്രിയിൽ രാവിലെ 6.10 ഓടെ എത്തിച്ചപ്പോൾ തന്നെ മരിച്ച നില യിൽ ആയിരുന്നു. ഹൃദയസ്തംഭനമാണോ മരണകാരണമെന്ന് വ്യക്തമല്ല. മ രണകാരണം പോസ്മോർട്ടം കഴിഞ്ഞശേഷമെ സ്ഥിരീകരിക്കാനാവുകയുള്ളൂ വെന്ന് സന്നിധാനം ആശുപത്രിവൃത്തങ്ങൾ അറിയിച്ചു.

(പി.ആർ. ശബരി–77)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 26 | 2019 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–2


ഫോൺ : 04735–202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

# ഭസ്മക്കുളത്തിൽ മുങ്ങിയ ബാലനെ രക്ഷപ്പെടുത്തി

സന്നിധാനത്ത് ഭസ്മക്കുളത്തിൽ മുങ്ങിയ ഏഴുവയസ് പ്രായമായ ബാലനെ സമയോചിതമായ ഇടപെടലിലൂടെ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തി. കർണാടക കടവൂർ സ്വാദേശിയായ മഞ്ചുരാജ് എന്നയാളുടെ കൂടെവന്ന സഞ്ചുവെന്ന ബാലനെയാണ് രക്ഷപ്പെടുത്തിയത്. ഭസ്മക്കുളത്തിൽ കുളിക്കുകയായിരുന്ന കുട്ടി മുങ്ങിത്താഴുകയും തൽസമയം ഡ്യൂട്ടിയിലു ായിരുന്ന ഫയർമാൻമാരായ വിനോദ്, എസ്.പി. സുനിൽ എന്നിവർ ചേർന്ന് കുട്ടിയെ രക്ഷപ്പെടുത്തുകയും പ്രഥമശുശ്രൂഷ നൽകി രക്ഷകർത്തക്കളെ തിരികെ ഏൽപ്പിക്കുകയും ചെയ്തതായി ഫയർഫോഴ്സ് അധികൃതർ അറിയിച്ചു.

(പി.ആർ. ശബരി–78)

## ഫോട്ടോ അടിക്കുറിപ്പ്

## ഭസ്മക്കുളത്തിൽ മുങ്ങിയ ബാലനെ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തിയപ്പോൾ

## *ശബരിമല ഇന്നത്തെ (27.11.19 ) ചടങ്ങുകൾ*

2.45 ന് പള്ളിയുണർത്തൽ
പുലർച്ചെ 3 മണി നട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.30 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
12.30ന് ഉച്ചപൂജ
ഉച്ചയ്ക്ക് 1 മണിക്ക് നട അടയ്ക്കും
വൈകുന്നേരം 4 മണിയ്ക്ക് നട തുറക്കും
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.